ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 15.02.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. അർബൻ ചലഞ്ച് ഫണ്ട് പദ്ധതിക്ക് കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകിയതിനെ പ്രകീർത്തിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി; പദ്ധതി നഗരങ്ങളെ രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയുടെ ചാലകശക്തികളാക്കുമെന്നും പ്രധാനമന്ത്രി.

   **Prime Minister Narendra Modi hails the Union Cabinet's approval of the Urban Challenge Fund, stating it will transform cities into engines of economic growth.**

2. ദീർഘദൂര ട്രെയിനുകളിലെ ജനറൽ കോച്ചുകളിൽ, ഫസ്റ്റ് ക്ലാസ് കോച്ചുകളുടേതിനു സമാനമായ ശുചിത്വം ഉറപ്പാക്കുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്.

   **Union Minister Ashwini Vaishnaw assures First Class-level cleanliness in general coaches of long-distance trains.**

3. ഇന്ത്യ വേദിയാകുന്ന നിർമിതബുദ്ധി ഉച്ചകോടിക്കു നാളെ ന്യൂഡൽഹിയിൽ തുടക്കമാകും.

   **New Delhi all set to host the high-level Artificial Intelligence Summit starting tomorrow.**

4. ഇന്ന് മഹാശിവരാത്രി; ആശംസകൾ നേർന്ന് രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും. കേരളത്തിലെ ശിവക്ഷേത്രങ്ങളിൽ അഭൂതപൂർവ്വമായ ഭക്തജനത്തിരക്ക്.

**The nation celebrates Mahashivratri; President, Vice President, and Prime Minister extend their greetings as devotees throng temples across Kerala.**

5. 'വിഷൻ 2031 - വികസനവും ജനാധിപത്യവും അന്താരാഷ്ട്ര കോൺഫറൻസ്' മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉദ്ഘാടനം ചെയ്യും.

   **Chief Minister Pinarayi Vijayan to inaugurate the International Conference on 'Vision 2031: Development and Democracy' today.**

6. പുരുഷ ടി 20 ക്രിക്കറ്റ് ലോകകപ്പിൽ ഇന്ന് ഇന്ത്യ-പാകിസ്ഥാൻ പോരാട്ടം; മത്സരം രാത്രി ഏഴിന് കൊളംബോയിൽ.

   **In cricket, the stage is set for the high-voltage Men's T20 World Cup clash between India and Pakistan in Colombo tonight.**

☸☸☸☸☸☸☸☸☸☸☸☸☸

## PM-URBAN CHALLENGE FUND

ഒരു ലക്ഷം കോടി രൂപയുടെ അർബൻ ചലഞ്ച് ഫണ്ട് പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകിയതിനെ പ്രശംസിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. ഉയർന്ന നിലവാരമുള്ള നഗര അടിസ്ഥാന സൗകര്യങ്ങൾക്കായുള്ള സ്വകാര്യ പങ്കാളിത്തം, പൗര കേന്ദ്രീകൃത പരിഷ്കാരങ്ങൾ തുടങ്ങിയവയ്ക്ക് പദ്ധതി സഹായകമാകുമെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. ഈ പദ്ധതി, നഗരങ്ങളെ രാജ്യത്തിൻറെ സാമ്പത്തിക വളർച്ചയുടെ പ്രധാന ചാലകശക്തികളാക്കുമെന്നും അദ്ദേഹം പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸☸

## PM - CABINET

രാജ്യത്തെ അടിസ്ഥാനസൗകര്യ വികസനത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരുന്ന വിവിധ പദ്ധതികൾക്കാണ് കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകിയതെന്നു പ്രധാനമന്ത്രി പറഞ്ഞു. ഡൽഹി, ഹരിയാന, മഹാരാഷ്ട്ര, കർണാടക സംസ്ഥാനങ്ങളിലൂടെ കടന്നുപോകുന്ന മൂന്ന് മൾട്ടി ട്രാക്കിംഗ് പദ്ധതികൾ, റെയിൽ

അടിസ്ഥാനസൗകര്യങ്ങൾ ശക്തിപ്പെടുത്താനും ചരക്കുനീക്കച്ചെലവ് കുറയ്ക്കാനും യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സഹായിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## PM RAHAT SCHEME

റോഡപകടത്തിൽപ്പെടുന്നവർക്ക് സൗജന്യചികിത്സ ഉറപ്പാക്കുന്ന 'പിഎം റാഹത് പദ്ധതി'ക്ക് അംഗീകാരം നൽകി കേന്ദ്ര സർക്കാർ. പദ്ധതി പ്രകാരം റോഡ് അപകടം സംഭവിക്കുന്ന വ്യക്തിക്ക് അപകടം നടക്കുന്ന തീയതി മുതൽ ഏഴ് ദിവസത്തേക്ക്, ഒന്നര ലക്ഷം രൂപ വരെ പണരഹിത ചികിത്സയ്ക്ക് അർഹതയുണ്ടാകും. ഉടനടി വൈദ്യസഹായം ലഭ്യമാക്കുന്നതിലൂടെ ഒരു ജീവൻ പോലും നഷ്ടപ്പെടുന്നില്ലെന്ന് ഉറപ്പാക്കാനുള്ള കേന്ദ്ര സർക്കാരിന്റെ പ്രതിജ്ഞാബദ്ധതയാണ് ഇതിലൂടെ പ്രതിഫലിക്കുന്നതെന്ന് റോഡ്, ഉപരിതല ഗതാഗത മന്ത്രാലയം അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## RAILWAY - REFORMS (INTRO)

ദീർഘദൂര ട്രെയിനുകളിലെ ജനറൽ കോച്ചുകളിലും ഫസ്റ്റ് ക്ലാസ് കോച്ചുകൾക്ക് തുല്യമായ ശുചിത്വം ഉറപ്പാക്കുമെന്ന് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. ഒന്നര മണിക്കൂർ ഇടവേളകളിൽ കോച്ചുകൾ വൃത്തിയാക്കാൻ കൂടുതൽ ജീവനക്കാരെ വിന്യസിക്കുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

**(ഹോൾഡ് വോയ്സ്)**

ആറ് മാസത്തിനുള്ളിൽ 80 ട്രെയിനുകളിൽ പദ്ധതി നടപ്പാക്കും. ശൗചാലയങ്ങൾ, മാലിന്യ നിക്ഷേപ പെട്ടികൾ, ക്യാബിനുകൾ എന്നിവ നിരന്തരം ശുചീകരിക്കുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## AI SUMMIT

ഇന്ത്യ വേദിയാകുന്ന നിർമിതബുദ്ധി ഉച്ചകോടിക്കു നാളെ ന്യൂഡൽഹിയിൽ തുടക്കമാകും. ഭാരത് മണ്ഡപത്തിൽ നടക്കുന്ന പരിപാടിയുടെ ഔദ്യോഗിക ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്രമോദി വ്യാഴാഴ്ച നിർവഹിക്കും. നിർമിതബുദ്ധിയുമായി ബന്ധപ്പെട്ട ഏഴ് പ്രമേയങ്ങൾ കേന്ദ്രീകരിച്ചാണ് ഉച്ചകോടി.

❁❁❁❁❁❁❁❁❁❁❁❁❁

## JAISHANKAR

ഇന്ത്യ-മിഡിൽ ഈസ്റ്റ്-യൂറോപ്പ് സാമ്പത്തിക ഇടനാഴി, വ്യാപാരവും ചരക്കുനീക്കവും സുഗമമാക്കാൻ ലക്ഷ്യമിട്ടുള്ളതാണെന്ന് കേന്ദ്ര വിദേശകാര്യമന്ത്രി

എസ്. ജയ്ശങ്കർ. മ്യൂണിക് സുരക്ഷാസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സമ്മേളനത്തിന്റെ ഭാഗമായി ജർമ്മൻ വിദേശകാര്യ മന്ത്രി ജോഹാൻ വഡെപുളുമായി, ശ്രീ ജയ് ശങ്കർ ഉഭയകക്ഷി കൂടിക്കാഴ്ച നടത്തി.

❁❁❁❁❁❁❁❁❁❁❁❁❁

## SITHARAMAN-MUNICH

കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ജർമ്മനിയിലെ മ്യൂണിക്കിൽ ബവേറിയൻ വിദേശകാര്യ മന്ത്രി എറിക് ബീസ്‌വെംഗറുമായി കൂടിക്കാഴ്ച നടത്തി. ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനെ കുറിച്ച് ഇരുനേതാക്കളും ചർച്ച ചെയ്തു.

❁❁❁❁❁❁❁❁❁❁❁❁❁

## PRALHAD JOSHI

ഇന്ത്യ-അമേരിക്ക ഉഭയകക്ഷി വ്യാപാര കരാർ ഇന്ത്യയുടെ വസ്ത്രവ്യാപാര മേഖലയിൽ പുരോഗതിയുടെ പുതിയ അധ്യായം രചിക്കുമെന്ന് കേന്ദ്രമന്ത്രി പ്രൾഹാദ് ജോഷി. കരാറിലൂടെ അമേരിക്കൻ വിപണിയിലേക്കുള്ള കയറ്റുമതി മത്സരശേഷി മെച്ചപ്പെടുത്താനാകുമെന്ന് ശ്രീ ജോഷി സമൂഹമാധ്യമത്തിൽ കുറിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## WB-SIR

പശ്ചിമ ബംഗാളിൽ എസ് ഐ ആറിന്റെ ഭാഗമായുള്ള ഹിയറിംഗ് പൂർത്തിയായപ്പോൾ 6.61 ലക്ഷം സമ്മതിദായകരെ വോട്ടർപട്ടികയിൽ നിന്ന് നീക്കി. ഏകദേശം 4.98 ലക്ഷം വോട്ടർമാർ നോട്ടീസ് സ്വീകരിച്ചെങ്കിലും ഹിയറിംഗിന് ഹാജരായില്ലെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## SIR

കേരളത്തിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണ നടപടികൾ പുരോഗമിക്കുന്നു. കരട് വോട്ടർപട്ടികയിൽ ഉൾപ്പെട്ടതിന് ശേഷം പിശകുകൾ

കണ്ടെത്തിയതിനെ തുടർന്ന് നോട്ടീസ് നൽകിയവർക്കുള്ള ഹിയറിംഗ് പൂർത്തിയായതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു. അന്തിമ വോട്ടർ പട്ടിക ഈ മാസം 21 ന് പ്രസിദ്ധീകരിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## VISION 2031 - CM

കേരളത്തിൽ വിഷൻ 2031' വികസനവും ജനാധിപത്യവും അന്താരാഷ്ട്ര കോൺഫറൻസ് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉദ്ഘാടനം ചെയ്യും. നിയമസഭയിലെ ശങ്കരനാരായണൻ തമ്പി ഹാളിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി കെ രാജൻ അധ്യക്ഷനാകും.

❁❁❁❁❁❁❁❁❁❁❁❁❁

## ANNOUNCEMENT

കോട്ടയം, എറണാകുളം ജില്ലകളിലേക്കും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലേക്കും ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടൻറിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അപേക്ഷകൾ ഈ മാസം 17 വരെ സ്വീകരിക്കും. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ. ചുറ്റളവിൽ സ്ഥിരതാമസക്കാരായിരിക്കണം. കൂടുതൽവിവരങ്ങൾക്ക് newsonair.gov.in, prasarbharati.gov.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക.

❁❁❁❁❁❁❁❁❁❁❁❁❁

## SHIVARATHRI

ഇന്ന് മഹാ ശിവരാത്രി. രാജ്യമെമ്പാടും പ്രമുഖ ശിവക്ഷേത്രങ്ങളിലെല്ലാം ശിവരാത്രി ആഘോഷങ്ങൾ പുരോഗമിക്കുകയാണ്. ശിവരാത്രി മഹോത്സവത്തോടനുബന്ധിച്ച് കൊച്ചി മെട്രോ ഇന്നും നാളെയും പ്രത്യേക സർവീസ് നടത്തും.

❁❁❁❁❁❁❁❁❁❁❁❁❁

## PREZ-VP-PM-MAHASHIVRATRI

രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്രമോദി തുടങ്ങിയവർ രാജ്യത്തെ ജനങ്ങൾക്ക് ശിവരാത്രി ആശംസകൾ നേർന്നു. ലോക്സഭാസ്പീക്കർ ഓം ബിർള,

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ തുടങ്ങിയവരും ശിവരാത്രി ആശംസിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

## SHIVARATHRI (INTRO)

ശിവരാത്രി ആഘോഷത്തോടനുബന്ധിച്ച് കണ്ണൂർ ജില്ലയിലെ പ്രധാന ശിവക്ഷേത്രങ്ങളിലെല്ലാം രാവിലെ മുതൽ വലിയ തിരക്കാണ് അനുഭവപ്പെടുന്നത്. തളിപ്പറമ്പ് രാജരാജേശ്വര ക്ഷേത്രത്തിൽ പുലർച്ചെ നാലിനു നടതുറന്നത് മുതൽ ഭക്തരുടെ വലിയ നിര ദൃശ്യമായിരുന്നു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ...

**(VOICE)**

☸☸☸☸☸☸☸☸☸☸☸☸☸

## T20 WORLD CUP

പുരുഷ ടി-20 ക്രിക്കറ്റ് ലോകകപ്പിൽ ഇന്ന് ഇന്ത്യ - പാകിസ്ഥാൻ പോരാട്ടം. രാത്രി 7ന് കൊളംബോയിലെ പ്രേമദാസ സ്റ്റേഡിയത്തിലാണ് മത്സരം. ഇന്നത്തെ ആദ്യ മത്സരത്തിൽ നേപ്പാളിനെതിരെ വെസ്റ്റ് ഇൻഡീസിന് 134 റൺസ് വിജയലക്ഷ്യം. രണ്ടാം മത്സരത്തിൽ അമേരിക്ക, നമീബിയയെ നേരിടും.

☸☸☸☸☸☸☸☸☸☸☸☸☸

## ISL

ISL ഫുട്ബോളിൽ ഇന്ന് രണ്ടു മത്സരങ്ങൾ. വൈകിട്ട് അഞ്ചിന് നടക്കുന്ന ആദ്യ മത്സരത്തിൽ ജംഷഡ്പൂരും മൊഹമ്മദൻ SC യും ഏറ്റുമുട്ടും. ബെംഗളൂരു - സ്പോർട്ടിങ് ഡെൽഹി മത്സരം രാത്രി 7.30 ന്.

☸☸☸☸☸☸☸☸☸☸☸☸☸

## GEORGE KURIAN

തെരുവുനായ പ്രശ്നം വിലയിരുത്താൻ കേന്ദ്രസഹമന്ത്രി ജോർജ് കുര്യന്റെ ഓഫീസിലെ ഉദ്യോഗസ്ഥ സംഘം തിരുവനന്തപുരത്ത് എത്തി. മേയർ വി.വി രാജേഷ് ഉൾപ്പടെയുള്ള ബിജെപി

കൗൺസിലർമാരുടെ ഡൽഹി സന്ദർശനത്തിന് പിന്നാലെയാണ് സംഘമെത്തിയത്.

❁❁❁❁❁❁❁❁❁❁❁❁❁

## SKIN BANK

കേരളത്തിലെ രണ്ടാമത്തെ സ്കിൻ ബാങ്ക് ഉൾപ്പടെ, കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ സജ്ജമാക്കിയ 283.60 കോടി രൂപയുടെ പദ്ധതികൾ മുഖ്യമന്ത്രി പിണറായി വിജയൻ നാളെ ഉദ്ഘാടനം ചെയ്യും. സർജിക്കൽ ബ്ലോക്ക്, കാത്ത്ലാബ്, മദർ ന്യൂബോൺ കെയർ, ക്രഷ്, ലാക്ടേഷൻ മാനേജ്മെന്റ് സെന്റർ എന്നിവയാണ് ഉദ്ഘാടനം ചെയ്യുന്ന പ്രധാന വികസന പദ്ധതികൾ.

❁❁❁❁❁❁❁❁❁❁❁❁❁

## SABARIMALA

ശബരിമല യുവതി പ്രവേശനവുമായി ബന്ധപ്പെട്ട ഹർജി സുപ്രീം കോടതി നാളെ വീണ്ടും പരിഗണിക്കും. വിഷയം കോടതി എങ്ങനെ പരിശോധിക്കുമെന്ന് മനസിലാക്കിയ ശേഷം സംസ്ഥാന സർക്കാർ നിലപാട് സ്വീകരിക്കുമെന്ന് മന്ത്രി പി രാജീവ് മാധ്യമങ്ങളോട് പ്രതികരിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## PARISHATH

114 - മത് അയിരൂർ - ചെറുകോൽപ്പുഴ ഹിന്ദുമത പരിഷത്തിന് ഇന്നു പത്തനംതിട്ടയിൽ തുടക്കമാകും. തിരുനാവായ മഹാമാഘ മഹോത്സവ പരമാചാര്യൻ മഹാമണ്ഡലേശ്വർ സ്വാമി ആനന്ദവനം ഭാരതി മഹാരാജ് വൈകിട്ട് 3.45 ന് ഹിന്ദുമത പരിഷത്ത് ഉത്ഘാടനം ചെയ്യും. ഈ മാസം 22-ന് നടക്കുന്ന സമാപനസഭയുടെ ഉദ്ഘാടനം കേന്ദ്രമന്ത്രി അർജുൻ റാം മേഘവാൾ നിർവഹിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## MARAMAN CONVENTION

131 - ാം മാരാമൺ കൺവൻഷൻ ഇന്ന് സമാപിക്കും. മാരാമൺ, ചിറയിറമ്പ്, കോഴഞ്ചേരി പള്ളികളിൽ നടക്കുന്ന പ്രത്യേക കുർബാനയ്ക്ക് വിവിധ മെത്രാപ്പൊലീത്തമാർ നേതൃത്വം നൽകും.

❁❁❁❁❁❁❁❁❁❁❁❁❁

## CHILD HOOD CANCER DAY

ഇന്ന് ലോക ബാല്യകാല അർബുദ ദിനം. കുട്ടികളിലെ അർബുദത്തിനെതിരായ അവബോധം വളർത്തുന്നതിനും രോഗബാധിതരായ കുട്ടികൾക്കും അവരുടെ കുടുംബങ്ങൾക്കും പിന്തുണ നൽകുന്നതിനുമായാണ് ദിനാചരണം. 2002-ൽ ചൈൽഡ്ഹുഡ് ക്യാൻസർ ഇന്റർനാഷണൽ എന്ന ആഗോള സംഘടനയാണ് ദിനാചരണത്തിന് തുടക്കം കുറിച്ചത്.